

ST. MARY'S INDIAN ORTHODOX CHURCH

(Pilgrim Centre), Ras-Al-Khaima, UAE

# മാവൂർബ

Version 36 September 2020

# സ്ളീബാ പെരുനാൾ



സഭയുടെ ആരാധന വർഷത്തിന്റെ പശ്ചാത്തലത്തിൽ സെപ്റ്റംബർ 14 മുതൽ സ്ളീബാ കാലത്തിൽ പ്രവേശിക്കുന്നു. ഏഴ് ആഴ്ചകൾ വീതമുള്ള ഏഴു കാലങ്ങളായി സഭാവർഷത്തെ വിഭജിച്ചിരിക്കുന്നു. ഏഴുകാലങ്ങൾ : സുബോറോക്കാലം, യൽദോ ദനഹാക്കാലം, നോമ്പുകാലം, ക്യംതാക്കാലം , പെന്തികൊസ്തിക്കാലം(ശ്ളീഹക്കാലം), തേജസ്കരണക്കാലം, സ്ളീബാകാലം.

സ്ളീബാക്കാലത്തിൽ സ്ളീബാപ്പെരുനാൾ (സെപ്റ്റംബർ 14) മുതൽ കൂദേശ് ഈത്തോ വരെയുള്ള ഏഴ് ആഴ്ചക്കാലം. കുരിശിന്റെ പെരുന്നാൾ. കലാന്ത്യത്തിന്റെ ദിവ്യമായ അടയാളമാണ് കുരിശ്. ലോകാവസാനം, മരിച്ചവരുടെ ഉയിർപ്പ്, ന്യായവിധി, കർത്താവിന്റെ മഹത്ത്വപൂർണ്ണമായ ആഗമനം, സ്വർഗ്ഗീയ യെരുശലേമിന്റെ ആവിർഭാവം ഇവയെല്ലാം അനുസ്മരിക്കുന്ന കാലമാണിത്. സ്ളീബായിലേക്ക് തിരിയുവാൻ സഭയെ ആഹ്വാനം ചെയ്യുകയാണ്.

യേശുക്രിസ്തുവിനെ ക്രൂശിച്ചതായ സ്ളീബാ കണ്ടെടുത്തതിന്റെ ഓർമ്മയാണ് സെപ്റ്റംബർ 14-ാം തീയതി നാം ആഘോഷിക്കുന്നത്. 5-ാം നൂറ്റാണ്ടിൽ സുറിയായിൽ നില നിന്നിരുന്ന പാരമ്പര്യമനുസരിച്ച് കുസ്തന്തിനോസ് ചക്രവർത്തിയുടെ മാതാവ് ഹേലെനി രാജ്ഞി യെരുശലേമിൽ യഹൂദന്മാരുടെ ഇടയിൽ കുരിശ് അന്വേഷിക്കുകയുണ്ടായി. യൂദാസ് എന്നു പേരുള്ള ഒരു യഹൂദൻ രാജ്ഞിയോട് എല്ലാം വിവരങ്ങളും പറഞ്ഞു കൊടുത്തു . അയാൾ കാണിച്ചു കൊടുത്ത സ്ഥലം കുഴിച്ചു നോക്കിയപ്പോൾ അവിടെ മൂന്ന് കുരിശുകൾ കിട്ടി . ഇതിൽ കർത്താവിന്റെ സ്ളീബാ തിരിച്ചറിയുവാനായി അവർ ഓരോ കുരിശും ഒരു മൃതശരീരത്തിന്റെ മേൽ വെച്ച് നോക്കി, അവയിൽ ഒരണ്ണം മൃതശരീരത്തിൽ വെച്ചപ്പോൾ അതിനു ജീവൻകിട്ടി. അങ്ങനെ ആ കുരിശ് കർത്താവിന്റേതാണെന്ന് അവർ തിരിച്ചറിഞ്ഞു.'പുത്തരി പെരുന്നാൾ' എന്നും ഇതിന് മറ്റൊരു പേരുണ്ട് .

കുരിശ് സഭയുടെ അടയാളമാണ്. സഭാ ദൗത്യത്തിന്റെ കേന്ദ്രബിന്ദു കുരിശ് ആണ്. കുരിശ് (സ്ളീബാ) ദൈവീക മഹത്വത്തിന്റെ പ്രതീകമാണ്. ക്രിസ്തീയ വിശ്വാസം ക്രൂശിതനിലേക്ക് നോക്കുന്നതും കുരിശിനെ രക്ഷയുടെ സജീവ പ്രതീകമായി കാണുന്നതും ആകുന്നു. മരണത്തോളം, കുരിശിലെ മരണത്തോളം തന്നെ ഉള്ള അനുസരണം ക്രിസ്ത്യാനിയുടെ മഹത്വമാണ്. നമ്മുടെ പാപങ്ങൾ സ്വശരീരത്തിൽ വഹിച്ചും കൊണ്ട് ക്രിസ്തുനാഥൻ കുരിശിലേറിയത് നാം ദൈനംദിന ജീവിതത്തിൽ പാപത്തിൽ മരിച്ച് നീതിക്ക് ജീവിക്കേണ്ടതിനാണ്. കുരിശിൽ സാധിതമായത് കേടുപോക്കലോ ഏച്ചുകെട്ടലോ അല്ല ദൈവത്തിന്റെ ലക്ഷ്യം നേടുകയായിരുന്നു കുരിശിൽ. കുരിശ് രക്ഷയുടെ അനുഭവമാണ്. കോട്ടയം ഭദ്രസനത്തിലെ മെത്രാപോലിത്ത കാലം ചെയ്ത അഭിവന്ദ്യ ഈവാനിയോസ് തിരുമേനി പറയാറുണ്ട് ; 'നാം കുരിശ് വരയ്ക്കണം, കുരിശ് ധരിക്കണം , കുരിശ് വഹിക്കണം' എന്ന്. വിജയത്തിന്റെയും സഹനത്തിന്റെയും അടയാളമാണ് കുരിശ് ( സ്ളീബാ )..

തിന്മയുടെ മേലുള്ള നന്മയുടെയും ഇരുട്ടിൻമേലുള്ള വെളിച്ചത്തിന്റെ വിജയമായിരുന്നു യേശുവിന്റെ കുരിശുമരണം . ഓരോ തവണ കുരിശിലേക്കു നോക്കുമ്പോഴും ആ വിജയത്തിനും പിന്നിലുണ്ടായിരുന്ന ത്യാഗപൂർണമായ ദൈവസ്നേഹത്തിന്റെ ഓർമ്മ നമുക്ക് ഉണ്ടാകണം. കുരിശിലാണ് യഥാർത്ഥ വിജയം എന്നത് വിശ്വാസിയുടെ വിലയേറിയ തിരിച്ചറിവാണ് . സാധാരണ മനുഷ്യർ സമ്പത്തിനെയും സ്ഥാനമാനങ്ങളെയും വിജയമായി വിലയിരുത്തുമ്പോൾ വിശുദ്ധർ കുരിശിനെ വിജയ സിംഹാസനമായി വിലയിരുത്തുന്നു.. നമ്മുടെ ജീവിതത്തിലും സ്ളീബാ (കുരിശ് ) സംരക്ഷണം നൽകട്ടെ. സ്ളീബാപെരുന്നാൾ വഴി ആ കുരിശിനെ ഒരു നിമിഷം കൂടി സ്മരിക്കുവാനും അഭയം പ്രാപിക്കുവാനും നമ്മുക്ക് സാധിക്കട്ടെ.

'സ്ളീബാ വാഴുക സ്വർഗത്തിൽ
സ്ളീബാ വാഴുക ഭൂമിയിലും
സ്ളീബാ പള്ളികൾ ദയറാകൾ
ക്കെല്ലാമാകണമേ കോട്ട'

ഫാ. ഗീവർഗീസ് വർഗീസ്
കുന്നംകുളം

## ആദ്ധ്യാത്മിക സംഘടനാ വാർത്തകൾ

**ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം**
എല്ലാം ചൊവ്വാഴ്ചയും മധ്യസ്ഥ പ്രാർത്ഥനക്ക് ശേഷം ഓൺലൈൻ മീറ്റിംഗ് നടത്തിവരുന്നു. അതോടൊപ്പം തന്നെ കോവിഡ് 19 നുമായി ബന്ധപ്പെട്ടുള സഹായ പ്രവർത്തനങ്ങൾ നടത്തി വരുന്നു.
Secretary : Mr. Febin G. John - 056 911 2072

**മർത്ത് മറിയം വനിതാ സമാജം**
നിലവിൽ ഓൺലൈൻ മീറ്റിംഗ് നടത്തിവരുന്നു
Secretary : Mrs. Susha John

**എം. ജി. ഒ. സി. എസ്. എം**
നിൽവിൽ ഓൺലൈൻ മീറ്റിങ്ങുകൾ നടത്തി വരുന്നു .
Secretary : Mr. Jesty Jacob- 050 3714788

**സൺഡേ സ്കൂൾ**
നിലവിൽ എല്ലാം വെള്ളിയാഴ്ചകളിൽ ഓൺലൈൻ ക്ലാസുകൾ രണ്ടു സെക്ഷൻ ആയി നടത്തി വരുന്നു
Head Master : Mr. Koshy Varghese- 050 950 5026

**പ്രാർത്ഥന നയോഗങ്ങൾ**
ആഴ്ചയിൽ വാർഡ് തിരിച്ച് ഓൺലൈൻ പ്രയർമീറ്റിംഗ് നടത്തി വരുന്നു.
Secretary : Mr. Gheevargese Rajumon
-056 7301950


Best Compliments From:

HIGHLAND
General Trading

Distributor of:

CONTEX®
LUBRICANTS
LOW FRICTION TECHNOLOGY


OTHER PRODUCTS WE ARE DEALING:

* Office Stationery
* Cleaning products
* Party Supplies
* Building materials

+971 55 329 5301 / +9714 256 4662
+971 55 489 1339
info@highlandgoods.com
www.highlandgoods.com
thomas@highlandgoods.com

# A Message from Vicar

## *Using Time Wisely at Home during the Pandemic*

We find that during this pandemic while our entire family is home bound it is good to find creative and imaginative ways and to use this unique opportunity to strengthen our relationship with each other and to pass this precious time wisely and beneficially for all.

As Orthodox Christian believers we are truly blessed with a wonderful and rich and Holy Tradition and spiritual heritage that offers us incredible guidance and resources for the strengthening spiritually of our family. It would be of great spiritual benefit for us to turn to the reading passages from Holy Scripture, to become familiar with the virtues and holy Lives of the Saints of our Church, to study the sacred writings of the Holy Fathers and Mothers of the Church, to strengthen our communion with Our Creator and God through unceasing prayer.

There are many opportunities to form a strong connection with God. Our family strives always to be Christ-centered. Everything that we do revolves around our Lord and Savior Jesus Christ Who watches over us and Who desires to dwell within our hearts. When our family participates totally in the life of the church through worship, the mysteries, and virtues living, God bestows His grace and abundant blessings upon us.

There is no greater witness than to willingly follow Christ God. To place our complete trust in Him and to allow Him to lead us to salvation. Without Him, life has no meaning, no purpose. He is our everything! Our hearts must be pure and open to His grace and be willing to be obedient to His Divine Commandments.

Time here on earth is precious and we must always use it wisely. Our life should be a positive experience, fruitful, philanthropic, constructive, and meaningful. Just as we mature physically, emotionally, psychologically, we should also strive toward the attainment of spiritual maturity. To come to the point when we say as Saint Paul, “It is no longer I who live, but Christ lives in me” (Galatians 2:20). Just as living in the flesh involves the whole person, body, and soul, so living “in the faith” involves the whole person.

There are so many wonderful lessons to be learned while everyone is at home and how everyone can re-discover the path to Christ our Lord. Pray individually, and as a family, for spiritual strength and inspiration. Look up the words strength and strong in your Holy Bible’s concordance and find passages related to godly strength. Also, see where the words humility, obedience, love, and sacrifice occur for greater connections to strength.

If you have never opened the Holy Bible open it now and don’t be afraid. You do not have to be a biblical scholar or a theologian to read the Holy Scripture. You are not there to give a theological interpretation but to be edified by the word of God. Begin by reading the Gospels and gradually the Epistles (Letters) of Saint Paul. You are not under any pressure to go through it at a specific time. Know that when you turn to the Holy Bible you should approach it with faith, humility, and the understanding that our Lord is speaking to you through His Divine word. It actually becomes a loving dialogue between Him and you. Absorb everything that you read slowly and without any fear. In this way, you will find inspiration, comfort, hope, strength, inner peace, and courage.

Saint Theophan the Recluse wrote, “The final goal of man is communion with God. The path to this communion has been precisely defined: faith, and walking in the Commandments with the help of God’s grace.” We seek holiness and union with God as taught by the Holy Apostles and the Holy Fathers of the Church. Our Savior and Resurrected Lord came to save us and to open the gates of heaven for us. He showed us how to live through His Divine teaching and example. As you come closer to Him, you increase your capability to deal with the various challenges that you may face in life. You increase your ability to live according to the Christian virtues and precepts.



**In His Service**
**Your Loving**
**Joe achen.**

# ആദരാഞ്ജലികൾ

"ശരണത്തോലെ നിൻകൃപയിൽ
മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണർത്തമേ
കബറീന്നുദ്യാനത്തിന്നായ് "

**Mrs.Thresiamma Manuel** ( 67 ) Mother in law of Mr.Thomas Daniel(Reg.424, T-16).
**Mrs.Gracy Ninan** (78) Mother of Mr.Alex Ninan(Reg.377,A-28).
**Mr.K.Alexander**(69) Father of Mr.Subin Alex (Reg.361,S-45).
**Mr.M.C.Skariah** (87) Father of Mr.Reji Skariah (Reg.102, R-07) and Father in law of Mr George Philip (Reg no 190/G 07).



# Editorial

## തിരിച്ചറിവുകളുടെ കാലം

കാലം നമ്മെ പലതും പഠിപ്പിച്ചുകൊണ്ടേയിരിക്കും. ഒന്നു തിരിഞ്ഞു നോക്കുവാനും പലതും തിരിച്ചറിയുവാനുള്ള അവസരങ്ങൾ പാഴാക്കരുത് കണ്ടതും കേട്ടതും പഠിച്ചതുമായ അറിവുകളിൽ നിന്നും ഈ പുതുലോകത്തിന്റെ ഈ സ്തംഭനാവസ്ഥ നമ്മെ ഒരുപാട് പഠിപ്പിക്കുന്നു. നഗ്നനേത്രങ്ങൾ കൊണ്ട് കാണുവാൻ പോലും ആകാത്ത ഒരു വൈറസ് ഈ ലോകമാസകലം വിറകൊള്ളിക്കുമ്പോൾ, നൂതനശാസ്ത്ര സാങ്കേതിക വിദ്യകൾ പകച്ചു നിൽക്കുന്നു.
 രാജ്യങ്ങളുടെ സാമ്പത്തിക അടിത്തറ ശിഥിലമാകുന്നു. അതിരുകളില്ലാത്തവൻ എന്ന് സ്വയം അഹങ്കരിച്ചിരുന്ന മനുഷ്യന്റെ സഞ്ചാര സ്വാതന്ത്ര്യം പോലും നഷ്ടപ്പെട്ടിരിക്കുന്നു എല്ലാം നേടിയവനെന്ന് അഹങ്കരിച്ചിരുന്ന മാനവസമൂഹം പതറിപ്പകച്ചു നിൽക്കുന്ന ദയനീയമായ കാഴ്ച. നേടിയതും തട്ടിയെടുത്തതുമെല്ലാം നിഷ്ഫലമാക്കുന്ന കാഴ്ച .മനുഷ്യാ നീ ഇത്രയേയുള്ളു എന്ന് നമ്മെ ഓർമപ്പെടുത്തുന്ന പേടിപ്പെടുത്തുന്ന കാലം. സമ്പന്നനും ദരിദ്രനും എല്ലാം ഒരേ അവസ്ഥ.കോവിഡ് 19 നൽകുന്ന സാമൂഹിക അകലം എല്ലാവർക്കും ഒരേ പോലെ.

വി. യോഹന്നാന്റെ സുവിശേഷത്തിൽ ഇപ്രകാരം പറയുന്നു " അവനിൽ ജീവനുണ്ടായിരുന്നു ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു ആ വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു അതിനെ കീഴടക്കാൻ ഇരുളിന് കഴിഞ്ഞില്ല " ഈ ജീവൻ നമ്മുടെ ഉള്ളിൽ ഉണ്ടാകുവാനും ആ ജീവൻ പ്രകാശം പോലെ മറ്റുള്ളവരിലേക്ക് പ്രസരിപ്പിക്കുവാനും നമുക്ക് കഴിയണം . അസ്വസ്ഥമായ നമ്മുടെ മനസ്സിനെ നിയന്ത്രിക്കുവാനും പ്രതിസന്ധികളെ അതിജീവിക്കുവാനുമായി ഈ ജീവനെ നമ്മുടെയുള്ളിൽ കണ്ടെത്തുവാനുള്ള അന്വേഷണം നമ്മൾ നടത്തണം. ഇരുളിന് കീഴടക്കാൻ കഴിയാത്ത വെളിച്ചമായ ആ ജീവൻ നമ്മിലുണ്ടാകണം. എങ്കിൽ മാത്രമേ ക്രിസ്തീയ ജീവിതത്തിന് അർത്ഥമുണ്ടാകുകയുള്ളു അത്യധികം പ്രതിസന്ധികളുള്ള ഈ കാലഘട്ടത്തിൽ നമ്മുടെ ചുറ്റിനുള്ള സഹോദരങ്ങളിലേക്ക് ഈ ജീവൻ പകർന്നു നല്കാൻ നമുക്ക് കഴിയണം. ജോലി നഷ്ട്പ്പെട്ടവർ, നിത്യദാരിദ്ര്യത്തിലേക്കും, കടമ്പാദ്യതയിലേക്കും തൂത്തെറിയപെട്ടവർ, അവഗണിക്കപ്പെട്ടവർ, നിരാശയിലകപ്പെട്ടവർ അങ്ങനെ അനവധി സഹോദരങ്ങൾ വിഷമവൃത്തത്തിലാകുമ്പോൾ നമ്മുടെയുള്ളിലെ ദൈവീക ജീവൻ കണ്ടെത്തി അതിനെ വർദ്ധിക്കുവാനും പകർന്നുകൊടുക്കുവാനും ഈ കാലഘട്ടം നമുക്ക് ശരിയായ തിരിച്ചറിവ് നല്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു .

**-റെന്നി ഡാനിയേൽ ജോൺസ്**


**മാവുർബ**

**Printed & Published by:**
St. Marys Indian Orthodox, Syrian Church, Rak,
Rev. Fr. Joe Mathew(Vicar)

Mr. Renny Deniel Johns(Editor),
Mr. Stanley Thompson(Trustee) 050 302 9633,
Mr. Binu Varghese(Secretary) 050 490 2033